പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1248

04/02/2019-ൽ
മറുപടിയ്ക്ക്

**മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം<br>**ശ്രീ.ആർ. രാജേഷ്** | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുത്ത് കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി മാവേലിക്കര ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭൗതിക സാഹചര്യ വികസനത്തിന് കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ ജി.വി.എച്ച്.എസ്.എസ് ചുനക്കര, കെ.കെ.എം.ജി.വി.എച്ച്.എസ്.എസ് ഇലിപ്പക്കുളം എന്നിവയേയും തിരഞ്ഞെടുത്തിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര ജി.വി.എച്ച്.എസ്.എസ്, കുന്നം ജി.എച്ച്.എസ്.എസ് കടശ്ശനാട് ജി.വി.എച്ച്.എസ്.എസ് എന്നിവയുടെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അറിയിക്കുമോ; | (ബി) യും (സി) യും | 1. കിഫ്ബിയുടെ 5 കോടി ധന സഹായത്തോടെ മാവേലിക്കര ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഫൗണ്ടേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>2. കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ചുനക്കര ജി.വി.എച്ച്.എസ്.എസിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി. കെ.കെ.എം.ജി.വി.എച്ച്.എസ്.എസ്- ന്റെ നിർമ്മാണ പ്രവർത്തനത്തിന് കിഫ്ബിയിൽ നിന്നും 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2018-19 വാർഷിക പദ്ധതിയിൽപ്പെട്ട അടിസ്ഥാന സൗകര്യ വികസനപദ്ധതിയിൽ ഗവൺമെന്റ്.എൽ.പി.എസ് ചത്തിയറ (71 ലക്ഷം), ജി.എൽ.പി.എസ് കണ്ണനാകുഴി (60 ലക്ഷം), എടനാട് ജെ.ബി.എസ്(100 ലക്ഷം), അങ്ങാടിക്കൽ സൗത്ത് ചെങ്ങന്നൂർ (100 ലക്ഷം), ഗവൺമെന്റ് ഗേൾസ് എച്ച്.എസ് ചെങ്ങന്നൂർ (100 ലക്ഷം) എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

Namitha P

സെക്ഷൻ ഓഫീസർ